സൂറഃ-9

# അത്തൗബ

3. അല്ലാഹുവിൽനിന്നും അവന്റെ ദൂതനിൽനിന്നും മഹാ ഹജ്ജുദിനത്തിൽ ജനങ്ങൾക്കൊക്കെയുമുള്ള പൊതുവിളംബരമാണിത്. എന്തെന്നാൽ അല്ലാഹു ബഹുദൈവാരാധകരോടുള്ള ബാധ്യതയിൽനിന്നൊഴിവായിരിക്കുന്നു; അവന്റെ ദൂതനും. നിങ്ങൾ ധർമനിഷേധത്തിൽനിന്ന് മടങ്ങുന്നുവെങ്കിൽ അത് നിങ്ങൾക്ക് നല്ലത്. പിന്തിരിഞ്ഞുപോവുകയാണെങ്കിലോ, അറിഞ്ഞുകൊള്ളുവിൻ; അല്ലാഹുവിനെ തോൽപിക്കാനാവാത്തവർ തന്നെയാകുന്നു നിങ്ങൾ. പ്രവാചകൻ ധർമധിക്കാരികൾക്ക് വേദനയേറിയ ശിക്ഷയുടെ സുവിശേഷം നൽകികൊള്ളുക.

وَأَذَٰنٌ مِّنَ ٱللَّهِ وَرَسُولِهِۦٓ إِلَى ٱلنَّاسِ يَوْمَ ٱلْحَجِّ ٱلْأَكْبَرِ أَنَّ ٱللَّهَ بَرِىٓءٌ مِّنَ
ٱلْمُشْرِكِينَ ۙ وَرَسُولُهُۥ ۚ فَإِن تُبْتُمْ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَوَلَّيْتُمْ فَٱعْلَمُوٓا۟
أَنَّكُمْ غَيْرُ مُعْجِزِى ٱللَّهِ ۗ وَبَشِّرِ ٱلَّذِينَ كَفَرُوا۟ بِعَذَابٍ أَلِيمٍ ﴿٣﴾

وَأَذَٰنٌ = പൊതുവിളംബരം مِّنَ ٱللَّهِ وَرَسُولِهِۦٓ = അല്ലാഹുവിൽനിന്നും അവന്റെ ദൂതനിൽനിന്നും
إِلَى ٱلنَّاسِ = ജനങ്ങളിലേക്ക് (ഒക്കെയുമുള്ള) يَوْمَ ٱلْحَجِّ ٱلْأَكْبَرِ = മഹാ ഹജ്ജ് ദിനത്തിൽ أَنَّ ٱللَّهَ = എന്തെന്നാൽ അല്ലാഹു
بَرِىٓءٌ = ബാധ്യതയിൽനിന്ന് മുക്തനാകുന്നു, ഒഴിവായിരിക്കുന്നു مِّنَ ٱلْمُشْرِكِينَ = ബഹുദൈവാരാധകരിൽനിന്ന് (രോടുള്ള)
وَرَسُولُهُۥ = അവന്റെ ദൂതനും فَإِن تُبْتُمْ = നിങ്ങൾ പശ്ചാത്തപിക്കുന്നു (ധർമനിഷേധത്തിൽനിന്ന് മടങ്ങുന്നു)വെങ്കിൽ
فَهُوَ = അത് خَيْرٌ = നല്ലത്, പുണ്യം لَّكُمْ = നിങ്ങൾക്ക് وَإِن تَوَلَّيْتُمْ = നിങ്ങൾ പിന്തിരിയുകയാണെങ്കിൽ (ലോ)
فَٱعْلَمُوٓا۟ = അറിഞ്ഞുകൊള്ളുവിൻ أَنَّكُمْ = നിശ്ചയം (തന്നെ) നിങ്ങൾ
غَيْرُ مُعْجِزِى ٱللَّهِ = അല്ലാഹുവിനെ തോൽപിക്കാ(നാവാ)ത്തവർ ആകുന്നു وَبَشِّرِ = (പ്രവാചകൻ) സുവിശേഷം നൽകിക്കൊള്ളുക
ٱلَّذِينَ كَفَرُوا۟ = സത്യനിഷേധികളായവർക്ക് (ധർമധിക്കാരികൾക്ക്) بِعَذَابٍ = ശിക്ഷ(യുടെ) കൊണ്ട് أَلِيمٍ = വേദനയേറിയ

**3:** മുസ്‌ലിംകളുമായി ലിഖിതമോ അലിഖിതമോ ആയ കരാറുകളുണ്ടാക്കിയിട്ട് അത് പാലിക്കാതിരുന്ന ബഹുദൈവാരാധകർക്കുള്ള അറിയിപ്പ് (Notice) ആണ് ഒന്നും രണ്ടും സൂക്തങ്ങൾ. അത്തരക്കാരുമായുള്ള കരാറിന്റെ ഉത്തരവാദിത്വത്തിൽനിന്ന് അല്ലാഹുവും റസൂലും ഒഴിവായിരിക്കുന്നുവെന്നും ഇനി നാലു മാസത്തിനകം അവർ ഇസ്‌ലാമിനെ അംഗീകരിക്കേണമോ എതിർക്കേണമോ എന്ന് സ്വയം തീരുമാനമെടുക്കണമെന്നുമാണ് അതിൽ അറിയിച്ചത്. എതിർക്കാൻ തന്നെ തീരുമാനിക്കുകയാണെങ്കിൽ, അവർക്ക് ഒരിക്കലും അല്ലാഹുവിനെ പരാജയപ്പെടുത്താനാവില്ലെന്നും അല്ലാഹുവിനാകട്ടെ അവരെ വഷളാംവണ്ണം തോൽപിച്ച് നാണം കെടുത്താൻ കഴിയുമെന്നും ഉദ്ബോധിപ്പിക്കുകയും ചെയ്തു. അനന്തരം അതേ കാര്യം പൊതുവിളംബരമായി അവതരിപ്പിച്ചിരിക്കുകയാണ് ഈ സൂക്തങ്ങളിൽ. ആദ്യത്തേത് കരാറിലേർപ്പെട്ട ബഹുദൈവാരാധകർക്ക്- إِلَى ٱلَّذِينَ عَٰهَدتُّم مِّنَ ٱلْمُشْرِكِينَ - ഉള്ളതായിരുന്നു. ഇത് എല്ലാ മനുഷ്യർക്കും- إِلَى ٱلنَّاسِ - ഉള്ളതാണ്.

أُذْن (ചെവി) എന്ന പദത്തിൽനിന്നുൽഭവിച്ചതാണ് أذان. ജനങ്ങൾക്ക് പൊതുവായുള്ള അറിയിപ്പ്, വിളംബരം എന്നാണർഥം. നമസ്കാരസമയം അറിയിക്കുന്നതി(ബാങ്ക്)ന് أذان എന്നാണ് പറയുക. അനുമതി, കൽപന എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന إذْن ഉം أذن-ൽനിന്നുണ്ടായതാണ്. വിളംബരവും അനുവാദവുമൊക്കെ അറിയപ്പെടുന്നത്. أذن (ചെവി)ലൂടെ ആണ് എന്നതാണ് ഈ പദനിഷ്പത്തിക്കാധാരമെന്ന് ഭാഷാഭിജ്ഞർ പറയുന്നു. പ്രവാചകനോടും മുസ്‌ലിം സമുദായത്തോടും വിഗ്രഹാരാധകർ ഉണ്ടാക്കിയ കരാറുകളെയും അതിൽനിന്ന് ഉത്തരവാദിത്വമൊഴിയലിനെയും അല്ലാഹുവിലേക്ക് ചേർത്തു പറയുന്നതിന്റെ താൽപര്യം മുൻ സൂക്തങ്ങളുടെ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. يَوْمَ ٱلْحَجِّ ٱلْأَكْبَرِ

നെയാണ് മഹാ ഹജ്ജ്ദിനം എന്നു തർജമ ചെയ്തിട്ടുള്ളത്. വലിയ ഹജ്ജ്ദിനം, അത്യുന്നത ഹജ്ജ്ദിനം എന്നും ഇതിന് അർഥമാകാം. ഖുർആൻ ഈ വാക്കുകൊണ്ട് വിവക്ഷിക്കുന്നത് ഹിജ്റ ഒമ്പതാം ആണ്ടിലെ ഹജ്ജ്കാലത്തെ ഒരു ദിനമാണെന്ന തിൽ തർക്കമില്ല. എന്നാൽ ആ ദിനം ഏതാണെന്നതിൽ തർക്ക മുണ്ട്. يوم النحر (ബലി പെരുന്നാൾ ദിനം) ആണെന്ന് ഒരു പക്ഷം പറയുന്നു. ഹജ്ജ് കർമം അവസാനിക്കുന്ന ദിവസമാണത്. അറഫാ സംഗമം കഴിഞ്ഞ് എല്ലാ ഹാജിമാരും അന്ന് മിനായിലാ യിരിക്കും. നബി(സ)യിൽനിന്നുള്ള ചില നിവേദനങ്ങൾ ബല പ്പെടുത്തുന്നതും ഏറെ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളതും ഈ അഭിപ്രായമാണ്. മഹാ ഹജ്ജ്ദിനം കൊണ്ടുദ്ദേശ്യം ഹിജ്റ ഒമ്പതാം ആണ്ടിലെ ഹജ്ജ്കാലം മൊത്തത്തിലാണെന്നാണ് മറ്റൊരു അഭിപ്രായം. ഇതിനു രണ്ട് ന്യായങ്ങൾ പറയുന്നുണ്ട്. ഒന്ന്, മുസ്‌ലിംകൾക്ക് ഇസ്‌ലാമിക ചിട്ട പ്രകാരം അവരുടെ നേതാവിന്റെ കീഴിൽ ഹജ്ജ് അനുഷ്ഠിക്കാൻ ലഭിച്ച ഒന്നാ മത്തെ അവസരമാണത്. രണ്ട്, ഉംറയെ ചെറിയ ഹജ്ജ് (الحج الأصغر) എന്നും ഹജ്ജിനെ വലിയ ഹജ്ജ് (الحج الأكبر) എന്നും പണ്ടേ പറയാറുണ്ടായിരുന്നു. മഹാ ഹജ്ജ്ദിനം അറഫാ ദിനമാ ണെന്നാണ് ഇമാം അബൂഹനീഫ, ശാഫിഈ തുടങ്ങിയവർ പറ യുന്നത്. മഹാ ഹജ്ജ്ദിനം അറഫാ ദിനമാണെന്ന് നബി(സ) പ്രസ്താവിച്ചതായി ഒരു നിവേദനവും അവരുദ്ധരിക്കുന്നു. ബു ഖാരിയും മുസ്‌ലിമും അബൂഹുറയ്റയിൽനിന്ന് ഉദ്ധരിക്കുന്നു: "ആ ഹജ്ജിൽ അബൂബക്കർ (റ) കുറേ വിളംബരക്കാരുടെ കൂട്ട ത്തിൽ എന്നെ അയക്കുകയുണ്ടായി. ബലിനാളിൽ മിനായിൽ ഇ പ്രകാരം വിളംബരം ചെയ്യാനായിരുന്നു അവർ നിയുക്തരായത്: ജനങ്ങളേ, അറിയുവിൻ, ഈ കൊല്ലത്തിനു ശേഷം വിഗ്രഹാരാ ധകർ ഹജ്ജിനു വരാൻ പാടില്ല. നഗ്നരായി കഅ്ബയെ പ്രദ ക്ഷിണം ചെയ്യാനും പാടില്ല". പിന്നീട് നബി(സ) അലി(റ)യെ പി ന്നാലെ അയച്ചു. കരാറൊഴിഞ്ഞതായി പ്രഖ്യാപിക്കാനും ഇ ക്കൊല്ലത്തിനു ശേഷം വിഗ്രഹാരാധകർ ഹജ്ജിനു വരരുതെ ന്നും നഗ്നരായി കഅ്ബ പ്രദക്ഷിണം ചെയ്യരുതെന്നും വിളംബ രം ചെയ്യാനും അദ്ദേഹത്തോട് കൽപിച്ചിരുന്നു. ഈ സൂറയിലെ 28-ാം സൂക്തത്തിൽ വിഗ്രഹാരാധകർക്ക് മസ്ജിദുൽ ഹറാം ഖ ണ്ഡിതമായി വിലക്കിക്കൊണ്ട് ഇങ്ങനെ പ്രസ്താവിക്കുന്നുണ്ട്:

إِنَّمَا ٱلْمُشْرِكُونَ نَجَسٌ فَلَا يَقْرَبُوا۟ ٱلْمَسْجِدَ ٱلْحَرَامَ بَعْدَ عَامِهِمْ هَـٰذَا ۚ

(വിഗ്രഹാരാധകർ മാലിന്യം തന്നെയാകുന്നു. ഈ വർഷ ത്തിനു ശേഷം അവർ മസ്ജിദുൽ ഹറാമിനെ സമീപിക്കാൻ പാടുള്ളതല്ല).

അറേബ്യൻ ഗോത്രങ്ങൾ കരാറുണ്ടാക്കിയിരുന്നത് നബി(സ)യുമായിട്ടാണല്ലോ. അറേബ്യൻ സമ്പ്രദായ പ്രകാരം ഒരാൾ ഉണ്ടാക്കിയ കരാറിൽനിന്ന് മോചനം പ്രഖ്യാപിക്കേണ്ടത് അയാൾ തന്നെയാണ്. അയാൾക്കതിനു സൗകര്യമില്ലാതെ വന്നാൽ അയാളുടെ അടുത്ത ബന്ധുക്കളിൽ ആരെങ്കിലുമാണ് അത് ചെയ്യേണ്ടത്. അല്ലാത്തവരുടെ പ്രഖ്യാപനം അംഗീകരിക്ക പ്പെടുകയില്ല. അതുകൊണ്ടാണ് ഹജ്ജിന് നേതൃത്വം നൽകാൻ അബൂബക്കറി(റ)നെ നിയോഗിച്ചിട്ടും വിളംബരം നടത്താൻ അലിയെ അയച്ചത്. ഹജ്ജ്കാലത്ത് പല ദിവസങ്ങളിൽ ഈ വിളംബരം ആവർത്തിച്ചതായും നിവേദനമുണ്ട്. ഹജ്ജിന്റെ അമീർ എന്ന നിലയിൽ അബൂബക്കർ(റ) അറഫാ പ്രഭാഷണം നടത്തിയ ശേഷം അലി(റ)യെ വിളിച്ച് പ്രവാചകന്റെ വിളംബരം ജനങ്ങളെ കേൾപ്പിക്കാൻ ആവശ്യപ്പെട്ടുവെന്നും, തുടർന്ന് അലി(റ) സൂറ *അത്തൗബ*യിലെ ആദ്യ നാൽപത് സൂക്തങ്ങൾ പാരായണം ചെയ്തുവെന്നുമാണ് ചില നിവേദനങ്ങളിൽ കാണുന്നത്.

فَإِن تُبْتُمْ എന്ന വാക്കിന് 'നിങ്ങൾ കരാർ പാലനത്തി ലേക്ക് മടങ്ങിവരുന്നുവെങ്കിൽ' എന്നർഥമാവാം. 'കരാർ ലംഘന ത്തിലും ധർമനിഷേധത്തിലും പശ്ചാത്തപിക്കുന്നുവെങ്കിൽ' എന്നും ആവാം. ആശയസാരത്തിൽ രണ്ടും ഒന്നുതന്നെയാണ്. അതായത്, വിഗ്രഹാരാധകരെല്ലാം അവരുടെ അന്ധവിശ്വാസ ങ്ങളും അധർമങ്ങളും വെടിഞ്ഞ്, ഈ പ്രവാചകൻ ഉപദേശി ക്കുന്ന സത്യവിശ്വാസത്തിലേക്കും ധർമാചരണത്തിലേക്കും മട ങ്ങുകയാണെങ്കിൽ അതാണ് അവർക്ക് ശ്രേഷ്ഠവും പുണ്യകര വുമായ നടപടി. അതിനു സന്നദ്ധരല്ലെങ്കിൽ അവർ മനസ്സിലാ ക്കേണ്ട ഒരു സംഗതിയുണ്ട്. ഈ ദീനിനെ എതിർത്തു നശിപ്പി ക്കാനൊന്നും അവർക്കൊരിക്കലും കഴിയില്ല. ഇത് അല്ലാഹു വിന്റെ ധർമവ്യവസ്ഥയാണ്. അല്ലാഹു അവന്റെ ദൂതനിലൂടെ അതിനെ വിജയിപ്പിക്കുകതന്നെ ചെയ്യും. അവരൊരിക്കലും അല്ലാഹുവിനെയും റസൂലിനെയും തോൽപിക്കാൻ കഴിവുള്ളവ രല്ല. വരുന്ന 32-ാം സൂക്തത്തിൽ ഇക്കാര്യം കൂടുതൽ വ്യക്ത മായി പ്രസ്താവിക്കുന്നുണ്ട്.

يُرِيدُونَ أَن يُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَيَأْبَى ٱللَّهُ إِلَّآ أَن يُتِمَّ نُورَهُۥ وَلَوْ كَرِهَ ٱلْكَـٰفِرُونَ ﴿٣٢﴾

(ഇവർ അല്ലാഹുവിന്റെ വെളിച്ചത്തെ വാകൊണ്ട് ഊതിക്കെടു ത്താൻ ശ്രമിക്കുകയാണ്. പക്ഷേ, അല്ലാഹു അവന്റെ വെളിച്ചം പൂർത്തീകരിക്കാതെ സമ്മതിക്കുകയില്ല- സത്യനിഷേധികൾക്ക് അതെത്ര അരോചകമായിരുന്നാലും). അതിനാൽ ഇന്ന് ഈ ദീനിനെ തകർക്കാൻ ശ്രമിക്കുകയും സത്യവിശ്വാസികളെ അക്ര മിക്കുകയും ചെയ്യുന്നവർ നാളെ പരാജയപ്പെടുമെന്ന കാര്യം നിസ്സംശയമാണ്. പ്രവാചകൻ അവർക്കു വേദനയേറിയ ശിക്ഷ യുടെ സുവിശേഷം നൽകുക. ശുഭകരവും സന്തോഷകരവു മായ സംഗതികൾ അറിയിക്കുകയാണ് സുവിശേഷം. ഇവിടെ വിഗ്രഹാരാധകർക്ക് ഏർപ്പെടാൻ പോകുന്ന ശിക്ഷയുടെ അറി യിപ്പിനെ സുവിശേഷം -بشرى- എന്നു പറഞ്ഞിരിക്കുന്നത് പരി ഹാസദ്യോതകമായിട്ടാണ്. മുഹമ്മദ് നബിയെയും ഇസ്‌ലാമി നെയും നശിപ്പിക്കുന്നതിലൂടെ യശസ്സാർന്ന ഭാവിയും സൗഭാഗ്യ ങ്ങളും പ്രതീക്ഷിക്കുകയാണ് സത്യനിഷേധികൾ. കാത്തിരിക്കു ന്നത് അതിന്റെ സുവിശേഷമാണെങ്കിലും യഥാർഥത്തിൽ കഠിന ശിക്ഷയുടെ ഭീഷണ വാർത്തയാണവർക്ക് നൽകാനുള്ളത് എന്ന് വ്യംഗ്യം. ഇവിടെ വേദനയേറിയ ശിക്ഷ എന്നു പറഞ്ഞത് പരലോകത്ത് ലഭിക്കാനിരിക്കുന്ന നരകശിക്ഷയെ മാത്രം ഉദ്ദേശി ച്ചുകൊണ്ടല്ല. അല്ലാഹുവിനെ- അവന്റെ ദീനിനെ- തോൽപി ക്കാൻ ശ്രമിക്കുന്നവർ ദൈവിക ദീൻ സ്വീകരിച്ച വിശ്വാസികളുടെ കൈകളാൽ ഈ ലോകത്തും കഠിനമായി ശിക്ഷിക്കപ്പെടാനിരി ക്കുകയാണ്. ആ ശിക്ഷയിൽനിന്നുകൂടി രക്ഷപ്പെടാനുള്ള ആഹ്വാനമാണ് ഈ വിളംബരം. ■